**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1236** **01-02-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ മുതൽ പന്നിക്കുന്ന് വരെ 57.23 കിലോമീറ്റർ ദൂരമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. രണ്ട് റീച്ചുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാമത്തെ റീച്ചായ – 0.44 കി.മീ. വരുന്ന വലിയപറമ്പ പാലത്തിനു 55.44 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. നിലവിൽ പ്രവൃത്തിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തി CRZ ക്ലീയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>തീരദേശ ഹൈവേയുടെ രണ്ടാമത്തെ റീച്ച് ആയ വലിയപറമ്പ പാലം മുതൽ പന്നിക്കുന്ന് വരെയുള്ള 56.79 കിലോമീറ്റർ റോഡിന് 44.68 കോടി രൂപ ഭൂമിയേറ്റെടുക്കലിനായി കിഫ്ബി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റീച്ചിൽ കല്ലിടൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. ആകെ 21.05 കി.മീ. ഭാഗത്ത് കല്ലിട്ട് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | തീരദേശ ഹൈവേ യാഥാർത്ഥ്യമാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പദ്ധതിക്കായി നാളിതുവരെ 2804 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. 346 കി.മീ. ഭാഗത്ത് കല്ലിടൽ പൂർത്തിയാക്കി, 202 കി.മീ. ഭാഗത്ത് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. ഇതിൽ 16.90 കി.മീ. ഭാഗത്ത് സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 1.87 കി.മീ. ഭാഗത്ത് നഷ്ടപരിഹാര തുക വിതരണം ചെയ്ത് സ്ഥലം ഏറ്റെടുത്തു.<br><br>പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് 2013 ലെ RFCTLARR ആക്ട് അടിസ്ഥാനമാക്കിയാണ്. ഇതിന് പുറമെ തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള |

| | | | |
|---|---|---|---|
| | | | പ്രത്യേക പുനരധിവാസ പാക്കേജും സർക്കാർ പ്രഖ്യാപിച്ചു. നിലവിൽ ഈ പാക്കേജിനെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനങ്ങളെ ബോധവത്കരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരദേശ ഹൈവേ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവർത്തികൾക്കുള്ള SPV ആയി നിയോഗിച്ചിട്ടുള്ള കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) അതിർത്തി കല്ലുകൾ സ്ഥാപിച്ച റീച്ചുകളിൽ വീട് വീടാന്തരം സർവ്വേ നടത്തി, പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് വിശദീകരിക്കുകയും പദ്ധതിയെക്കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ